# കേരള കാർഷിക സർവ്വകാലശാല

**കാർഷിക കോളേജ്, പടന്നക്കാട്.പി.ഒ,**

**കാസറഗോഡ് ജില്ല- പിൻ:671314**


**നമ്പർ:ഇ2-5577/2019** **തീയ്യതി:12.06.2023**

## ദർഘാസ് പരസ്യം

പടന്നക്കാട് കാർഷിക കോളേജ് ഹോർട്ടികൾച്ചർ വിഭാഗത്തിലേക്ക് പോട്ടിങ് മിശ്രിതം തയ്യാറാക്കുന്നതിനായി ഗുണമേന്മയുള്ളതും കല്ല് അടങ്ങിയിട്ടില്ലാത്തതുമായ ഏകദേശം 8 ലോഡ് മേൽമണ്ണ് (1 ലോഡ് = 150 ഘന അടി) കരാർ പ്രകാരം എത്തിച്ചു തരാൻ താത്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ മേൽമണ്ണ് കേന്ദ്രത്തിൽ എത്തിച്ചു നൽകുന്നതിനുള്ള നിരക്ക് **ഒരു ലോഡിന് എത്ര** എന്ന് ദർഘാസിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എല്ലാ നികുതികളും ഉൾപ്പെടുന്ന നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ചരക്കുകൂലിയും കടത്തുകൂലിയും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്. ദർഘാസുകൾ വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് പി.ഒ., കാസറഗോഡ് പിൻ - 671314 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

ദർഘാസുകൾ അയക്കുന്ന കവറിന് പുറത്ത് **പടന്നക്കാട് കാർഷിക കോളേജിലേക്ക് മേൽമണ്ണ് നൽകുന്നതിനുള്ള ദർഘാസ്** എന്നെഴുതണം. ദർഘാസിനോടൊപ്പം 1,000/- രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. ദർഘാസ് ഉറപ്പിക്കുന്ന കരാറുകാരൻ മൊത്തം തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റും നൽകേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 23.06.2023 ഉച്ചക്ക് ശേഷം 3.00 മണി വരെയാണ്. അന്നു തന്നെ 3.30 മണിക്ക് ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും.' വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് തുറന്ന് നടപടികൾ പൂർത്തികരിക്കുന്നതായിരിക്കും. ദർഘാസുകൾ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും. തൃപ്തികരമായ സപ്ലൈക്കുശേഷം ഇൻവോയ്സ് സമർപ്പിക്കുന്ന മുറയ്ക്ക് തുക ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തിരം അനുവദിക്കുന്നതായിരിക്കും. വിജയിയായ കരാറുകാരൻ അറിയിപ്പ് കിട്ടി 5 ദിവസത്തിനകം നിശ്ചിത സ്ഥലത്ത് മേൽമണ്ണ് എത്തിക്കേണ്ടതാണ്. കരാർ നൽകുന്നതു മുതൽ ഒരു വർഷത്തേക്ക് കരാറിന് പ്രാബല്യമുണ്ടാകുന്നതായിരിക്കും.

ദർഘാസ് സംബന്ധിച്ച സർക്കാർ/സർവ്വകലാശാല നിബന്ധനകളെല്ലാം ഇതിനും ബാധകമായിരിക്കും. വിശദവിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ്.

ഫോൺ നമ്പർ: 0467 2280616.

ഒപ്പ്

**ഡോ.ടി സജിതാ റാണി**

ഡീൻ

സ്വീകർത്താവ്:-

1. നോട്ടീസ് ബോർഡ് (കോളേജ്/ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II)
2. കേരള കാർഷിക സർവ്വകലാശാല വെബ്സൈറ്റ് (കോളേജ്)
3. വില്ലേജ് ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട് സൗത്ത്)
4. മുനിസിപ്പൽ ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
5. പ്രാദേശിക കാർഷിക ഗവേണ കേന്ദ്രം, പിലിക്കോട്

**പകർപ്പ്** :-

1. ഡോ.രേഷ്മിക പി.കെ, അസിസ്റ്റന്റ് പ്രൊഫസർ
2. ഫാം സൂപ്രണ്ട്, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്- II , ഫാം മാനേജർ, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I
3. ഫാമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II

**// അംഗീകാരത്തോടുകൂടി അയക്കുന്നത്//**

സെക്ഷൻ ഓഫീസർ